**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2403      14.06.2019-ലെ മറുപടിയ്ക്ക്

## കാഞ്ഞിരപ്പള്ളി ഗവ.എച്ച്.എസ്.എസ്. ഫുട്ബോൾ ടർഫ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ.എൻ.ജയരാജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കാഞ്ഞിരപ്പള്ളി ഗവൺമെൻറ് എച്ച്.എസ്.എസിനായി സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമിക്കുന്നതിന് 28-05-2018 ലെ ജി.ഒ.(ആർ.ടി)നം.108/ 2018/കാ.യു.വ.നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ), (ബി) & (സി) | കാഞ്ഞിരപ്പള്ളി ഗവൺമെന്റ് എച്ച്.എസ്.എസ് ഗ്രൗണ്ടിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് 28.05.2018-ലെ സ.ഉ(സാധാ)നം.108/2018/കാ.യു.വ ഉത്തരവു പ്രകാരം കായികയുവജനകാര്യാലയത്തിന്റെ "4202-03-102-94-കായിക അടിസ്ഥാന സൗകര്യം (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 2.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കായികയുവജനകാര്യാലയത്തിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി നൽകിയ പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചുവെങ്കിലും ബിഡ്ഡുകൾ എസ്റ്റിമേറ്റ് റേറ്റിനെക്കാൾ 3.44 ശതമാനം കൂടുതലായതിനാൽ റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചിരുന്നു.<br>എന്നാൽ നിലവിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനം കണ്ടെത്തുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളുടെയും ധനവിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് എല്ലാ പ്ലാൻ ഫണ്ട് പദ്ധതികളും പുനരവലോകനം ചെയ്ത് അനുവദിക്കപ്പെട്ട പദ്ധതികളിൽ 20% കുറവ് വരുത്തുവാൻ തീരുമാനിച്ചിരുന്നു. അപ്രകാരം |
| (ബി) | ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർത്തിവെച്ചിരിക്കുന്നതിന്റെ കാരണം എന്താണ് ; ഇത് പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ; | | |
| (സി) | പ്രസ്തുത സ്കൂളിൽ ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുള്ള സ്പോർട്സ് സ്കൂളിന്റെ അക്കാദമിക കെട്ടിടപ്പണികൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ ഫുട്ബോൾ ടർഫ് നിർമ്മാണനടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കുറവ് വരുത്തുന്നതിന്റെ ഭാഗമായി റദ്ദ് ചെയ്ത കായികയുവജനകാര്യ വകുപ്പിന്റെ വിവിധ പദ്ധതികളിൽ കാഞ്ഞിരപ്പള്ളി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ സിന്തറ്റിക് ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്ന പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**